## മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.8470/എ.3/2/2018/ഭ.വി. തീയതി : .30/11/2018

മിനിറ്റ്സ് ഇനം നം.107/18.09/182129 തീയതി 08/11/2018 അനുസരിച്ച് സർക്കാർ ഉത്തരവ് (എം.എസ്) നം.160/2016/ആഭ്യ. തീയതി 23/05/2016 മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
മനോജ് കുമാർ കെ.എസ്.
**അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)**
**രജിസ്ട്രാർക്കു വേണ്ടി**

1) വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.
2) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
3) ഡിപ്പാർട്ട്മെന്റ് തലവന്മാർ/എഡി എ I/II/IV/V.
4) ജോയിൻറ് ഡയറക്ടർ, .
   കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
   മഹാത്മാഗാന്ധി സർവകലാശാല
5) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.)/എ.സി.സി.സെക്ഷൻ
6) സി.എം.എസ്. (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
7) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/Endt-41/2011/ഭ.വി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

8575
25/5/16

കേരള സർക്കാർ

സംഗ്രഹം.

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി നിരവധി വർഷം സേനയിൽ ജോലി ചെയ്തതിനുശേഷം മറ്റ് സർക്കാർ സർവ്വീസുകളിലേക്ക് റിലീവ് ചെയ്ത് പോയവർക്ക് പോലീസ് പരിശീലന കാലം സർവ്വീസായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 160/2016/ആഭ്യ. തിരുവനന്തപുരം, തീയതി: 23.05.2016

---

പരാമർശം: (1) 01.03.2011 ലെ സ.ഉ (എംഎസ്) 80/2011/ആഭ്യ. നമ്പർ ഉത്തരവ്.

(2) 22.08.2011 ലെ സ.ഉ (എം.എസ്) 185/2011/ആഭ്യ.നമ്പർ ഉത്തരവ്

(3) സംസ്ഥാന പോലീസ് മേധാവിയുടെ 22.12.2015-ലെ S7-185158/2015/PHQ നമ്പർ കത്ത്.

ഉത്തരവ്

പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി പോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അവരുടെ പരിശീലന കാലഘട്ടം സർവ്വീസായി പരിഗണിച്ചുകൊണ്ടും ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചുകൊണ്ടും സൂചന 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സൂചന 1-ലെ ഉത്തരവിൽ പരാമർശിച്ചിരുന്ന അഡ്വാൻസ് ഇൻക്രിമെന്റിനു പകരം ഒരു അഡീഷണൽ ഇൻക്രിമെന്റായിരിക്കും അനുവദിക്കുക എന്ന് ഭേദഗതി വരുത്തിയും ഇൻസർവ്വീസ് ട്രെയിനിംഗ് കാലയളവ് പുതുക്കിയ സ്കെയിലിൽ പേ ഫിക്സ് ചെയ്യുമ്പോൾ സർവ്വീസ് വെയിറ്റേജ് കണക്കാക്കാൻ യോഗ്യതാ കാലയളവായി എടുക്കാവുന്നതാണെന്നും പരിശീലന കാലയളവ് സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷന് പരിഗണിക്കുന്നതാണെന്നും സൂചന 2 പ്രകാരം ഉത്തരവായി

2) പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി സേനയിൽ ജോലി ചെയ്തതിനു ശേഷം മറ്റ് സർക്കാർ വകുപ്പുകളിലേയ്ക്ക് നിയമാനുസരണം റിലീവ് ചെയ്ത് പോയവർക്കും സൂചന 2 പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് സേനയിൽ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കി പോലീസ് സേനയിൽ സേവനത്തിലേർപ്പെട്ട ശേഷം മറ്റ് സർവ്വീസുകളിൽ പോയവർക്ക്, അവർ ഇതര വകുപ്പുകളിലേയ്ക്ക് പോയി എന്ന

കാരണത്താൽ നിലവിലെ നിയമപ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ മേൽ വിധം റിലീവ് ചെയ്ത് പോയവർക്ക് അവരുടെ പരിശീലന കാലം ചുവടെ പറയും പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

i 01.07.2014-ൽ, 2014-ലെ ശമ്പള പരിഷ്ക്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ (pre-revised) 200/- രൂപ പേഴ്സണൽ പേ, ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചും

ii പരിശീലനകാലം പെൻഷനും ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിന് പരിഗണിച്ചും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മധുസൂദനൻപിള്ള ജി
ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം (ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അനുമതിയുണ്ട്)
3. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
6. എല്ലാ വകുപ്പ് മേധാവികൾക്കും
7. നിയമം/ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
8. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് ( പ്രസിദ്ധീകരണത്തിന്)
9. ധനകാര്യവകുപ്പ് (അ.ഔ.ഫയൽ നമ്പർ 95098/റൂൾസ് എ1/15/ധന. തീയതി 09.03.2016)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ